
ചെറുകഥ

# ശിഥിലബന്ധം



**ജോൺ വേറ്റം**

ഒരാഴ്ചയായി കൃഷ്ണപിള്ള കട്ടിലിൽത്തന്നെ കിടപ്പാണ്. എഴുന്നേറ്റ് അല്പമെങ്കിലും നടക്കുവാൻ അയാൾക്കു ദാഹവും മോഹവുമുണ്ടായി. പക്ഷേ സ്വയം നിവർന്നിരിക്കുവാനുള്ള ശക്തിപോലുമില്ല. ആഗ്രഹങ്ങളറിഞ്ഞു ശുശ്രൂഷിക്കുവാൻ ഒരു ബന്ധുവുണ്ടെങ്കിൽ എന്നു കൊതിച്ചുപോയി. നിരർത്ഥകമായൊരു വികാരം!

ഡ്യൂട്ടിയിലുള്ള നേഴ്സിനെ വിളിച്ചു, തളർന്ന ശബ്ദത്തിൽ. നേഴ്സ് അരികിലെത്തി. അപ്പോൾ കൃഷ്ണപിള്ള പറഞ്ഞു: ‘‘എനിക്കല്പനേരമൊന്നിരിക്കണം.’’

‘ബാക്ക്’’റെസ്റ്റി’ന്റെ സഹായത്തോടെ കൃഷ്ണപിള്ളയെ കട്ടിലിൽ ഇരുത്തി. അയാൾ ജാലകത്തിലൂടെ പടിഞ്ഞാറോട്ടു നോക്കി. പകൽ എരിഞ്ഞടങ്ങുവാൻ തുടങ്ങുന്നതു കണ്ടു.

കളരിപ്പയറ്റിലും നാടൻഗുസ്തിയിലും പേരെടുത്ത് അഭിനന്ദനങ്ങളും പാരിതോഷികങ്ങളും വാങ്ങിയിട്ടുള്ള കൃഷ്ണപിള്ളയുടെ ശരീരം ആരെയും ആകർഷിക്കുമായിരുന്നു, ഒരു കാലഘട്ടത്തിൽ. ഇന്നതു പരസഹായംകൊണ്ടുമാത്രം നീക്കംചെയ്യാവുന്ന ഒരു മാംസപിണ്ഡംപോലെയായിരിക്കുന്നു. അനുകമ്പ പകരുന്ന ഒരു വിരൂപം!

ജീവിതം താങ്ങാനാവാത്ത ഒരു ഭാരമായിത്തീർന്നിരിക്കുന്നു. ഉറ്റവരും ഉടയവരുമില്ലാത്ത ഒരനാഥൻ! സാന്ത്വനത്തിന്റെ ശബ്ദം കേൾക്കുവാൻ കഴിയാത്ത ഭാഗ്യദോഷി!

സകലതിനെയും അയാൾ വെറുത്തുകഴിഞ്ഞു! ഇനി ആരുടെയും അനുകമ്പ ആവശ്യമില്ല. മരിക്കുവാൻ ദാഹിക്കുകയാണ്. എങ്കിലും ആ ശാശ്വതത്വത്തിലേയ്ക്കുള്ള ദൂരം നിർണ്ണയിക്കുവാൻ കഴിയുന്നില്ല.

ശൂന്യാകാശത്തിനു താഴെ മരുഭൂമിയിൽ മുറിവേറ്റുവീണ ഒരു കിളിയെപ്പോലെ, കൃഷ്ണപിള്ള ഒററപ്പെട്ടിരിക്കുന്നു! ഒരു ശൂന്യവാദിയായിത്തീർന്നിരിക്കുന്നു!

സ്നേഹത്തിലൂടെയും വിശ്വാസത്തിലൂടെയും സഹിച്ചും ക്ഷമിച്ചും ജീവിച്ചതിന്റെ പ്രതിഫലമാണ് ആ നിലയെന്നു കൃഷ്ണപിള്ളയ്ക്കു തോന്നി. സ്വയം പഴിക്കുകയും ചെയ്തു.

കാക്കുവാൻവേണ്ടി ശപ്തമായ ദുഃഖങ്ങളും മറക്കുവാൻവേണ്ടി അനുഗ്രഹിക്കപ്പെട്ട അനുഭവങ്ങളും ജീ

വിതത്തിൽ ഉണ്ടാകുമെന്നു കരുതിയതാണ്. എങ്കിലും ആനന്ദം തുടിച്ചുനിന്ന, നഷ്ടപ്പെട്ട, ഒരു കാലഘട്ടത്തിന്റെ രൂപം മനസ്സിൽ തെളിഞ്ഞുനില്ക്കുന്നു. അവയുടെ പിന്നിൽ നൊമ്പരം ചിറകെട്ടിക്കിടക്കുന്നു.

ഭൂതകാലത്തെ ഓർത്തു വിങ്ങിപ്പൊട്ടിയതുകൊണ്ടു ഫലമില്ലെന്നറിയാം. എന്നാലും യാതനകളുമായി ത്യാഗത്തിന്റെ മാർഗ്ഗങ്ങളിലൂടെ സ്നേഹപ്രകാശത്തോടുകൂടി യാത്രചെയ്തു ജീവിതം കൃതാർത്ഥമാക്കുവാൻ ശ്രമിച്ച തന്റെ നിഷ്ക്കളങ്കത വഞ്ചിക്കപ്പെട്ടുവല്ലോ എന്ന ഓർമ്മ ഉണ്ടാകുമ്പോഴൊക്കെ നിസ്സഹായതയുടെയും പ്രാണവേദനയുടെയും നടുവിൽ തളർന്നുവീണു തേങ്ങിപ്പോകുന്നു. മരവിച്ച മനസ്സും മുരടിച്ച മോഹങ്ങളും വിങ്ങുന്നു.

നിറംമങ്ങുന്ന നീരദനിരകളിൽ അയാളുടെ നയനങ്ങൾ തറഞ്ഞുനിന്നു. കളിച്ചോടുന്ന പകൽവെളിച്ചത്തിന്റെ പിന്നിൽനിന്ന് ഇരുൾ ഇരമ്പിവരുന്നു. കാഴ്ച അതിൽ നശിക്കുന്നു.

നൈരാശ്യത്തിന്റെ കയത്തിൽ താണുപോയ കൃഷ്ണപിള്ള നെടുതായി നിശ്വസിച്ചു. ലോകത്തിന്റെ അലകടലിൽ സൂക്ഷിച്ചു തുഴഞ്ഞിട്ടും നിത്യദുഃഖത്തിന്റെ ഒരു തുറമുഖത്താണല്ലോ തന്റെ ജീവിതനൗക എത്തിച്ചേർന്നത് എന്ന ഖിന്നതയോടുകൂടി ചിന്തിച്ചു.

വിവാഹത്തിനുമുമ്പു വധുവാകേണ്ടവളെക്കുറിച്ച് അന്വേഷിച്ചില്ല, പഠിച്ചില്ല, ശരിയായ ചേർച്ച നോക്കിയില്ല—അതാണ് തന്റെ പരാജയത്തിന്റെ പിന്നിലുള്ള പ്രധാനകാരണമെന്ന് അയാൾ വിശ്വസിച്ചു. സർവ്വാത്മനാ സ്നേഹിക്കുകയും മോഹിക്കുകയും ചെയ്തു, തന്നെമാത്രം ഓർത്തു കാത്തുകാത്തിരുന്നു കരളു പുകഞ്ഞു കരഞ്ഞ, ഒരു പാവപ്പെട്ടവളുടെ ശാപമാണ് മറെറാരു ഹേതുവെന്നും അയാൾ സംശയിച്ചു.

സംവത്സരങ്ങൾ പിന്നിട്ടു വന്നുവെങ്കിലും അവളെ വിസ്മരിക്കുവാൻ ഒട്ടും കഴിഞ്ഞിട്ടില്ല. മങ്ങുകയും മായുകയും ചെയ്യാതെ കരളിന്റെ കലാശാലയിൽ കമലമ്മയുടെ ചിത്രം ഇപ്പോഴും തൂങ്ങിനില്ക്കുന്നു—ഒരു കെടാവിളക്കുപോലെ. വശ്യമായ പുഞ്ചിരി കണ്ണിൽ മിന്നുന്ന—കിനാവുപോലെ. മനസ്സിന്റെ മന്ദാരക്കാട്ടിൽ അവളുടെ നിലവിളിയും മുഴങ്ങുന്നു.

വീണ്ടുകിട്ടാനാവാത്ത മധുരവും മായാമോഹനവുമായ കുറെ നാളുകൾ. കൃഷ്ണപിള്ളയുടെ ജീവിതത്തിലെ വസന്തം. അതിന്റെ ദേവതയായിരുന്നു കമലമ്മ.

കൃഷ്ണപിള്ളയുടെ വീട്ടിലെ വേലക്കാരിയുടെ മകളായിരുന്നു അവൾ. അയലത്തെ ആ സുന്ദരി കൃഷ്ണപിള്ളയുടെ ബാല്യസഖിയായിരുന്നു. കളിച്ചും കലഹിച്ചും കഴിഞ്ഞുകൂടിയ ഘട്ടം പിന്നിട്ടപ്പോൾ അവർ വളർന്നു. കമലമ്മ—ആ സൂനം വിടർന്നു. ഏതൊരു പുരുഷനെയും ആകർഷിച്ചു വികാരങ്ങളെ വിളിച്ചുണർത്തുന്ന മട്ടിൽ. വിധി അവളുടെ അമ്മയെ ഭൂമുഖത്തുനിന്നു തുടച്ചുമാററിയപ്പോൾ കമലമ്മ കൃഷ്ണപിള്ളയുടെ വീട്ടിലെ വേലക്കാരിയായി. അതോടുകൂടി അനർഘമായ ഒരു ബന്ധം സൃഷ്ടിക്കുന്നതിനു തക്ക അനുഭൂതി നിറഞ്ഞ, ആനന്ദകരമായ, വേളകൾ അവർക്കു ലഭിച്ചു. വിഫലമാകുമെന്നറിഞ്ഞിട്ടും, അരുതാത്ത അനുരാഗത്തിന്റെ മണിദീപം അവരുടെ ആത്മാവുകളിൽ തെളിഞ്ഞു. ആരുമാരുമറിയാതെ അതു വിളങ്ങി.

ഒരു 'മലർമങ്ക'പോലെ കൃഷ്ണപിള്ളയുടെ ഹൃദയത്തിൽ കമലമ്മ നിറഞ്ഞുനിന്നു. ഒരു ചിത്രശലഭത്തെപ്പോലെ എപ്പോഴും അയാളുടെ ചിന്തകളിൽ അവൾ പാറി രസിച്ചു. അവളുടെ വികാരങ്ങളും വിചാരങ്ങളും കൃഷ്ണപിള്ളയെപ്പററിമാത്രമായി.

ആശങ്ക കൂടാതെ അവൾ പ്രകടിപ്പിച്ച യഥാർത്ഥവും അഗാധവുമായ ആത്മാർത്ഥതയെ കൃഷ്ണപിള്ള വാരിപ്പുണർന്നു. സൂക്ഷിച്ചും ഭയന്നും കാണാമറയത്തു മുട്ടിക്കൂടിയിരുന്നു സംസാരിച്ചപ്പോഴൊക്കെ ഇളക്കപ്പെട്ട മൃദുലവികാരങ്ങളാൽ ആലിംഗനംചെയ്തു. ഇഷ്ടതോഴന്റെ ആ പ്രവൃത്തികളെ കമലമ്മ തടഞ്ഞതുമില്ല.

അവളുടെ സ്നേഹത്തിന്റെ പിന്നിൽ ഒരുദ്ദേശവും ഇല്ലായിരുന്നു. സ്വാർത്ഥവും വഞ്ചനയും എന്തെന്നു അവൾക്കറിഞ്ഞുകൂടായിരുന്നു. ഒന്നും തിരിച്ചറിയുവാൻ കഴിയാത്ത ഒരു കൊച്ചുകുഞ്ഞിന്റേതുപോലായിരുന്നു അവളുടെ പെരുമാററം.

കമലമ്മയിൽ തനിക്കു വ്യക്തമായ സ്വാധീനം സ്ഥാപിക്കുവാൻ സാധിച്ചു എന്നു പൂർണ്ണമായി ബോധ്യം വന്നപ്പോൾ എല്ലാതരത്തിലും അവളെ ആസ്വദിക്കുവാൻ അയാൾ മടിച്ചില്ല. കമലമ്മ അതു മനസ്സിലാക്കി സംഭ്രമിച്ചെങ്കിലും ഇങ്ങനെമാത്രമേ പറ

ഞ്ഞുള്ളൂ: "ഏട്ടാ, ഞാൻ ഒരു പുരുഷന്റെ കൂടെ ജീവിക്കേണ്ടവളാ. എന്നെ നശിപ്പിക്കരുതു്."

വിനീതമായ ആ വാക്കുകളെ ശ്രദ്ധയോടുകൂടി ശ്രവിച്ചെങ്കിലും അതു കാര്യമായി കൃഷ്ണപിള്ള കരുതിയില്ല. "നീ പേടിക്കണ്ടടീ" എന്നുമാത്രമേ പറഞ്ഞുള്ളൂ. ജീവിതത്തിൽ ഇതൊക്കെ ആവശ്യവും സാധാരണവുമായ സംഗതികളാണെന്നു വിവരിച്ചു വിശ്വസിപ്പിക്കുകയും ചെയ്തു. വിലക്ഷണമായ സദ്വാസനയിൽനിന്നുതന്നെ അതിനു തക്ക സൂത്രശാലിത്വവും അയാൾക്കു കിട്ടി.

കൃഷ്ണപിള്ളയുടെ സ്നേഹാധിക്യത്തോടുകൂടിയുള്ള സാമീപ്യം കമലമ്മയിൽ തേന്നുവന്ന ആശകളെ അങ്കുരിപ്പിച്ചിരിക്കാം. ഹൃദയത്തിന്റെ മണവറയിൽ അയാൾക്കുവേണ്ടിമാത്രം ഒരു പുഷ്പതല്പവും ഒരുക്കിയിട്ടുണ്ടാവണം.

നനുനനുത്ത സങ്കല്പങ്ങളുമായി ഇമ്പങ്ങളുടെ നടുവിൽ കഴിഞ്ഞുകൂടിയപ്പോൾ വീട്ടുകാർ അവളുടെ വിവാഹം നിശ്ചയിച്ചു. അപ്പോൾമാത്രമായിരുന്നു, വേർപെടാൻപോകുന്ന ഒരു ബന്ധത്തെപ്പററിയും നേരിടേണ്ട ദുഃഖത്തെപ്പററിയും ചിന്തയുണ്ടായതു്. വ്യവച്ഛേദിക്കുവാനാവാത്തൊരു വേദനയിൽ ഹൃദയം മുങ്ങി. മനസ്സിന്റെ സമനില തെററി. നിയന്ത്രണാതീതമായ കണ്ണീർച്ചോലകൾ കവിൾപ്പരപ്പിലൂടെ ഒഴുകി. അവളുടെ നിഷ്കളങ്കസ്നേഹം പൊട്ടിക്കരഞ്ഞു!

പ്രേമാശ്രുക്കളുമായി അവൾ കൃഷ്ണപിള്ളയുടെ മുമ്പിൽ ചെന്നുനിന്നു. അയാളിൽ അവകാശം സ്ഥാപിക്കുവാനോ പരാതി പറയുവാനോ അല്ലായിരുന്നു അവളുടെ ശ്രമം. അനുവാദത്തോടും അല്ലാതെയും തന്റെ എല്ലാ നല്ലതും നുകന്ന അയാളുടെ ആഗ്രഹം എന്തെന്നറിഞ്ഞു പ്രവർത്തിക്കുവാനായിരുന്നു അവൾ ആഗ്രഹിച്ചതു്. പക്ഷേ ചുററുപാടുകളെ ഓർത്തു നടുങ്ങിയ കൃഷ്ണപിള്ള മൂകനായി നിന്നതേയുള്ളൂ. സ്നേഹവും സഹാനുഭൂതിയും ഉള്ളിൽ പതഞ്ഞുപൊന്തി. സമാപിക്കുവാൻ പോകുന്ന ഒരു സമ്പർക്കത്തിന്റെ അന്തിമചുംബനമർപ്പിച്ചുകൊണ്ടു് അയാൾ ഇങ്ങനെമാത്രം പറഞ്ഞു: "കമലേ, നിന്നെ സ്വീകരിക്കുവാൻ ചുററുപാടുകൾ എന്നെ അനുവദിക്കുന്നില്ല. പക്ഷേ മരണംവരെ നിന്നോടുള്ള എന്റെ ആത്മാർത്ഥത നിലനില്ക്കും. നിനക്കു് എപ്പോഴും ഏതു സഹായവും ചെയ്തുതരാൻ ഞാൻ സന്നദ്ധനാണു്. എങ്കിലും കഴിയുമെങ്കിൽ എന്നെ മറക്കണം."

കമലമ്മ താണ ജാതിയിൽപ്പെട്ടവളാണു്—അയാളുടെ നിലയ്ക്കും വിലയ്ക്കും ചേരാത്തവൾ.

നോവുകൾ നിറഞ്ഞ സ്നേഹവുമായി കമലമ്മ തിരിഞ്ഞുനടന്നു. കരളിനു പുളകവും കണ്ണിനു പൂക്കണിയുമായിരുന്ന അവൾ, ഇങ്ങിനി വരാതെ ഇരുളിൽ മുങ്ങിയ ഇനിയ കിനാവുപോലെ, കണ്ണിൽനിന്നു മറഞ്ഞു.

മലിനവും ശൂന്യവുമാക്കപ്പെട്ട സ്നേഹത്തിന്റെ പാനപാത്രവുമായി തനിക്കുവേണ്ടി നിശ്ചയിക്കപ്പെട്ട പുരുഷന്റെ ജീവിതത്തിലേയ്ക്കു് അവൾ കടന്നുചെന്നു—ഉദരത്തിൽ നാമ്പെടുത്ത ഒരു ജീവനുമായി.

വിഷാദാത്മകമായ ആ വിടപറയലിനുശേഷം നൊമ്പരങ്ങളും നൈരാശ്യവും ഇഴുകിച്ചേർന്നു് അസ്വസ്ഥമായ ഏകാന്തതയിൽ കൃഷ്ണപിള്ള പരിക്ഷീണനായി കഴിഞ്ഞുകൂടുകയായിരുന്നു. അപരാധബോധവും മുള്ളുപോലെ ഉള്ളിൽ തറഞ്ഞുനിന്നു.

എന്നും ഏകനായി ജീവിക്കുന്നതു് അഭികാമ്യമായിരിക്കുമോ എന്നു കൃഷ്ണപിള്ള സ്വയം ചോദിച്ചു. അതു നിരർത്ഥകവും ബുദ്ധിശൂന്യവുമായ ഒരു പ്രവൃത്തിയായിരിക്കുമെന്നു് ഉള്ളവും ഉത്പതിഷ്ണുക്കളും ഉപദേശിച്ചു. അതനുസരിച്ചു ബന്ധുക്കളുടെ ഇഷ്ടത്തിനൊത്തു നിശ്ചയിച്ച ഒരു വിവാഹത്തിനു സമ്മതം മൂളി. ആഹ്ലാദം നിർഗ്ഗളിക്കുന്നതും സ്നേഹസമ്പന്നവുമായ ഒരു ഭാവി ഉണ്ടാകുമെന്നും പൊരുത്തം നിർണ്ണയിച്ചു കണിയാൻ പ്രവചിച്ചതാണു്.

ആശകൾക്കും അഭിലാഷങ്ങൾക്കുമൊത്തു്, അനുസരണത്തോടുകൂടി ഹൃദയത്തിലിണങ്ങിച്ചേർന്നു്, ജീവിതത്തിനു സുന്ദരമായ ഒരലങ്കാരമായിത്തീരുമെന്ന ശുഭാപ്തിവിശ്വാസത്തോടുകൂടി കൃഷ്ണപിള്ള വിലാസിനിയുടെ കഴുത്തിൽ താലി കെട്ടി.

തന്റെ ഉള്ളിൽ തുളുമ്പിനില്ക്കുന്ന കണ്ണുനീർ അവളുടെ ശുശ്രൂഷകളാൽ വററിപ്പോകുമെന്നു വിചാരിച്ചു: അവളുടെ സാന്ത്വനാർദ്രമായ സഹകരണത്തിൽ ശാശ്വതശാന്തി വഴിഞ്ഞൊഴുകുന്ന ഒരു ശീതളച്ഛായയിൽ വിശ്രമിക്കാമെന്നും ആശ്വസിച്ചു. പക്ഷേ വിലാസിനിയിൽ കാണുവാൻ കഴിഞ്ഞതു വിഭിന്നമായ ഒരു സ്വഭാവമായിരുന്നു.

കൃഷ്ണപിള്ളയുടെ അഭിപ്രായങ്ങളോടോ ആദർശങ്ങളോടോ അവൾക്കു യോജിക്കുവാൻ കഴിഞ്ഞില്ല.

വിനയവും പതിഭക്തിയും ഉണ്ടായില്ല. ഒരു ഭാര്യയുടെ കടമ എന്തെല്ലാമെന്ന് അറിഞ്ഞു പെരുമാറുവാൻ വിലാസിനി തയാറായില്ല. അരസികത മറച്ചുപിടിച്ചുകൊണ്ടുള്ള പ്രാതിലോമപരമായ പ്രവൃത്തികൾമാത്രമേ അവളിൽനിന്നു കൃഷ്ണപിള്ള കണ്ടുള്ളു. എങ്കിലും ഒരു യഥാർത്ഥഭർത്താവും ഗൃഹനാഥനുമാകുവാൻ കൃഷ്ണപിള്ള ശ്രമിച്ചു. പക്ഷേ ഫലിച്ചില്ല.

താൻ അനുരൂപനായ ഒരു ഭർത്താവല്ലെന്നുള്ള ധാരണ വിലാസിനിക്കുണ്ടോ എന്ന ചിന്ത പലപ്പോഴും അയാൾക്കുണ്ടായി. അവളും, തന്നെപ്പോലെ, സ്നേഹിക്കപ്പെട്ട ഒരു സ്നേഹത്തെ ഓർത്ത് മൗനമായി കേഴുന്നുണ്ടോ എന്നു സംശയിച്ചു. മനഃപൂർവ്വം ശ്രദ്ധിക്കുകയും രഹസ്യമായി അന്വേഷിക്കുകയുമുണ്ടായി. ഒരു വിജാതീയന്റെ വെപ്പാട്ടിയായിരുന്നു വിലാസിനിയെന്നു മനസ്സിലായി. അതോടുകൂടി ഹൃദയം ഒരു പീഠഭൂമിയായി മാറി. മനസ്സിന്റെയും കുടുംബത്തിന്റെയും ശാന്തി വീണുടഞ്ഞു.

മാതൃകാപരമായ ഐക്യത്തിനുവേണ്ടി ബുദ്ധിപൂർവ്വം പരിശ്രമിച്ചിട്ടും സ്നിഗ്ദ്ധതയും മുഗ്ദ്ധതയുമില്ലാത്ത ഒരു ദാമ്പത്യജീവിതത്തിന്റെ അകന്ന രണ്ടു ഘടകങ്ങളായിട്ടുമാത്രമേ അവർക്കു കഴിഞ്ഞുകൂടുവാൻ സാധിച്ചുള്ളു.

യാന്ത്രികമായ ആ ബന്ധത്തിലും സന്താനങ്ങളുണ്ടായി. അവരെ വിലാസിനിയുടെ ചൊല്പടിക്കു വളർത്തി. അച്ഛനു നല്കേണ്ട സ്നേഹവും ബഹുമാനവും അവരിൽ ഉണ്ടായില്ല. അതെല്ലാം കണ്ടു കോപവും താപവുമുണ്ടായെങ്കിലും ആത്മാഭിമാനത്തെ ഭയന്നു കൃഷ്ണപിള്ള ഒന്നും ചെയ്തില്ല. അനുദിനം അയാളുടെ ദുഃഖമൂകത വളർന്നുവന്നു.

ഒരു കാര്യദർശി എന്നതിൽക്കവിഞ്ഞ് ഒരു സ്ഥാനവും തനിക്കു കല്പിക്കപ്പെടുന്നില്ല എന്നനുഭവപ്പെട്ടപ്പോൾ വിലാസിനിയെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നു തീരുമാനിച്ചു പരിശ്രമിച്ചു. എങ്കിലും അവൾക്ക് അടിമപ്പെട്ടു വസിക്കുവാനേ കൃഷ്ണപിള്ളയ്ക്കു കഴിഞ്ഞുള്ളു.

എണ്ണ തീർന്ന വിളക്കിന്റെ നാളംപോലെ, അയാളുടെ മനസ്സിന്റെ പ്രകാശം മങ്ങി. ദിനരാത്രങ്ങൾ അസന്തുഷ്ടവും അരുന്തുദവുമായി. ക്ലിഷ്ടതനിറഞ്ഞ ആ ജീവിതത്തിന്റെ മുന്നിൽ സംവത്സരങ്ങൾ കൊഴിഞ്ഞുവീണു.

ഈശ്വരകല്പിതമായിരിക്കാം, കൃഷ്ണപിള്ളയ്ക്കു ക്ഷയരോഗം പിടിപെട്ടു. ആ ദുരവസ്ഥ കഷ്ടാനുഭവങ്ങളിലേയ്ക്കുള്ള വഴിത്തിരിവായിരുന്നു. അയാൾ ശയ്യാവലംബിയായതോടുകൂടി വിലാസിനിയുടെ മനോഭാവം രൂക്ഷമായി. പണം ചെലവുചെയ്തു ചികിത്സിക്കുവാനോ ശ്രദ്ധയോടുകൂടി ശുശ്രൂഷിക്കുവാനോ അവൾ തയ്യാറായില്ല. ഭർത്താവ് അകറ്റുവാനാവാത്ത ഒരസ്വസ്ഥതയായിട്ടും അവൾക്കു തോന്നി. മക്കളും അയാളോടു കരുണകാണിച്ചില്ല. അവരുടെ നിന്ദാഗർഭമായ അവഗണന അസഹനീയമായി. വിലാസിനിയുടെ സ്ഥാനത്തു കമലമ്മയായിരുന്നു എങ്കിൽ സ്വർഗ്ഗസമാനമായ ഒരു ജീവിതം നയിക്കുവാൻ സാധിച്ചേനേ എന്നോർത്തു കുണ്ഠിതപ്പെട്ടു. കമലമ്മയുടെ ആകർഷകമായ മുഖം ദുഃഖം തുടിക്കുന്ന മനസ്സിൽ അപ്പോഴും തെളിഞ്ഞുനിന്നു. അവളെ കാണുവാനും കാര്യം പറയുവാനും കൊതിച്ചു.

അനുദിനം വേദന വികസിച്ചുവന്നു. അവയെ ഒതുക്കാൻ കഴിഞ്ഞില്ല. താൻ ഇനി ആർക്കും ഒരു ഭാരമാകരുത് എന്നു കരുതി, ലോകം ഉറങ്ങിയ ഒരു നേരത്ത്, പിടയുന്ന കരളും ഇടറുന്ന പാദങ്ങളുമായി, പടിയിറങ്ങി നടന്നു. ആ യാത്രയ്ക്കു മറ്റൊരുദ്ദേശവും ലക്ഷ്യവുമില്ലായിരുന്നു. ആ വേർപാടു വിലാസിനിക്ക് ആഹ്ലാദകരമായിരുന്നു. കൃഷ്ണപിള്ളയ്ക്കു ഭ്രാന്തായിരുന്നു എന്ന് അവർ പറഞ്ഞുപരത്തി. അയാൾ തിരിച്ചുവരാതിരിക്കാൻ അവൾ അമ്പലത്തിൽ നേർച്ച കഴിച്ചു.

വീടും നാടും വിട്ടകന്ന് ഒരു സർവ്വസംഗപരിത്യാഗിയെപ്പോലെ, കൃഷ്ണപിള്ള അലഞ്ഞു. നടക്കുവാൻ അല്പംപോലും ശേഷിയില്ലാതായപ്പോൾ അന്ത്യനിമിഷങ്ങളെയും പ്രതീക്ഷിച്ചുകൊണ്ട് ഒരു മരച്ചുവട്ടിൽ കിടന്നു.

പട്ടിണികിടന്നു ചുമയ്ക്കുകയും ചോര തുപ്പുകയും ചെയ്യുന്നതു കണ്ടു മനസ്സലിഞ്ഞു മനുഷ്യത്വത്തെ മാനിക്കുന്ന ഒരു പുരുഷൻ അയാളെ ചികിത്സാലയത്തിൽ എത്തിച്ചു. "ഞാൻ ഇവിടെക്കിടന്നു മരിച്ചോളാം" എന്നു കൃഷ്ണപിള്ള വിലക്കിയതാണ്. പക്ഷേ അയാളതു വകവെച്ചില്ല.

ആശുപത്രി ഒരാശ്വാസകേന്ദ്രമായിട്ടു കൃഷ്ണപിള്ളയ്ക്കു തോന്നി. അറപ്പും വെറുപ്പും ഭാഗികമായ ചിന്തകളും കൂടാതെ സ്നേഹത്തോടും സഹാനുഭൂതിയോടും

കൂടി ശുശ്രൂഷിക്കപ്പെടുന്ന ഒരു ലോകം. മനസ്സിനും ശരീരത്തിനും ജീവിതത്തിനും പരിവർത്തനങ്ങൾ പകരുന്ന ഒരാധ്യാത്മികവിദ്യാലയം. അവിടെ ആശ്വാസം കണ്ടു. എങ്കിലും അയാളുടെ മനസ്സിന്റെ മലിനാംബരം തെളിഞ്ഞില്ല.

ഓരോരോ രോഗികളുടെയും അടുത്ത് അവരവരുടെ ബന്ധുക്കളും മിത്രങ്ങളും നില്ക്കുന്നതു കണ്ടപ്പോൾ കൃഷ്ണപിള്ളയുടെ ഉള്ളിൽ നൈരാശ്യം നിറഞ്ഞു. അയാളിങ്ങനെ പിറുപിറുത്തു:

“ഈശ്വരാ, ഭാര്യയും മക്കളും ബന്ധുക്കളുമുള്ള ഞാൻ അനാഥനായിത്തീർന്നല്ലോ!”

അയാൾ പൊട്ടിക്കരഞ്ഞു. കരളിൽ- കമലമ്മയുടെ മുഖം തെളിഞ്ഞു.

ആ രാത്രിയിൽ കൃഷ്ണപിള്ള ഉറങ്ങിയില്ല. ഉറക്കംപോലും പിണങ്ങിപ്പിരിഞ്ഞിരിക്കുന്നു. അഥവാ ഉള്ളിലെ ഊഷ്മളവികാരങ്ങളെ ഭയന്നു മാറിനിന്നതായിരിക്കാം.

പിറേറന്നു സന്ധ്യാമേഘങ്ങളുടെ നിറം മങ്ങിത്തുടങ്ങിയപ്പോൾ കൃഷ്ണപിള്ളയുടെ മൃതശരീരം സർക്കാർവക ചുടുകാട്ടിലേയ്ക്കു കൊണ്ടുപോയി. ആ അന്ത്യയാത്രയിൽ വ്യസനംകൊള്ളാൻ ആരും ഉണ്ടായില്ല.